<u>വിഷൻ 2031</u>

<u>സാംസ്കാരിക രംഗത്തെ ഭാവികേരള ലക്ഷ്യങ്ങൾ</u>

<u>സംസ്ഥാന സെമിനാർ</u>

<u>2025 നവംബർ 3</u>

2031ൽ കേരളം എങ്ങനെയായിരിക്കണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെയും സാംസ്കാരിക വകുപ്പിന്റെയും ആഭിമുഖ്യത്തിൽ 2025 നവംബർ മൂന്നിന് കേരള സംഗീത നാടക അക്കാദമി തൃശ്ശൂരിൽ വെച്ച് സംഘടിപ്പിച്ച സംസ്ഥാന സാംസ്കാരിക സെമിനാറിന്റെ റിപ്പോർട്ട് .

രാവിലെ 10 മണിക്ക് സെമിനാർ ആരംഭിച്ചു. സാംസ്കാരിക വകുപ്പിന്റെ ഡയറക്ടർ ഡോ.ദിവ്യ.എസ്.അയ്യർ സ്വാഗതം ആശംസിച്ചു. ശ്രീ.സജിചെറിയാൻ (ബഹു.മത്സ്യബന്ധനം, സാംസ്കാരികം, യുവജന കാര്യവകുപ്പ് മന്ത്രി) അദ്ധ്യക്ഷത വഹിച്ചു. ശ്രീ.കെ.രാജൻ (ബഹു.റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി) ഉദ്ഘാടനം നിർവ്വഹിച്ചു. . ഡോ.രാജൻ ഖോബ്രഗഡേ ഐ.എ.എസ് (അഡീഷണൽ ചീഫ് സെക്രട്ടറി സാംസ്കാരികവകുപ്പ്) റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ.ആർ.ബിന്ദു (ബഹു.ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) മുഖ്യ പ്രഭാഷണം നടത്തി. ശ്രീ.സച്ചിദാനന്ദൻ, ശ്രീ.മുരളിചീരോത്ത്, മട്ടന്നൂർ ശങ്കരൻകുട്ടി എന്നിവർ ആശംസ അറിയിച്ചു. ശ്രീ കരിവെള്ളൂർ മുരളി നന്ദി പറഞ്ഞു.

<u>ശ്രീ.കെ.രാജൻ (ബഹു.റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി)</u>

1. മതേതരത്വത്തിന്റേയും സംസ്കാരത്തിന്റേയും മുന്നേറ്റത്തിൽ ആശയ ദൃഢതയുണ്ടാവണം.

2. വർഗീയ, ഫാസിസ്റ്റ് സ്വഭാവ രീതിക്ക് എതിരെ പ്രതിരോധം ഉയരണം

3. കമ്പോളത്തിന്റെ മുന്നേറ്റത്തിൽ നാം ദുർബലപ്പെടുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തണം.

4. വർത്തമാനവ്യാകുലതകൾ നാം ചർച്ച ചെയ്യണം.

5. ഭൂതകാല നവോത്ഥാന മുന്നേറ്റങ്ങളുടെ ആത്മസത്തയിൽ കാലുറപ്പിച്ചാവണം നവകേരള ത്തിന്റെ ചർച്ച രൂപപ്പെടേണ്ടത്.

6. നവോത്ഥാനമൂല്യങ്ങൾ പുതിയ തലമുറക്ക് കൈമാറുന്നതിന് വേണ്ടി ആശയങ്ങൾ രൂപപ്പെടുത്തണം.അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മളെ ദുർബലപ്പെടുത്താത്ത രീതിയിലുള്ള നിലപാട് എടുക്കുവാൻ തയ്യാറാകണം.

ഡോ.ആർ.ബിന്ദു (ബഹു.ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)

കലാസാഹിത്യരംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികൾ ഉരുത്തിരിഞ്ഞുവരുന്നതിന് വിഷൻ 2031 ചർച്ച ചെയ്യണം.വജ്രജൂബിലി കലാകാരരെ കലാലയങ്ങളിൽ എംപാനൽ ചെയ്തു കലാഭ്യാസനം പോലുള്ള സ്കിൽഡ് കോഴ്സുകളിൽ ഉൾപ്പെടുത്തി തൊഴിൽ കിട്ടാൻ സാധ്യത ഒരുക്കുക .

പത്മശ്രീ.മട്ടന്നൂർ ശങ്കരൻകുട്ടിമാരാർ (ചെയർപേഴ്സൺ, കേരള സംഗീത നാടക അക്കാദമി)

ഒരു നാടിന്റെ നന്മയ്ക്കും ഉയർച്ചക്കും വേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വിഷൻ 2031ൽ ചർച്ച ചെയ്ത് രൂപപ്പെടുത്തണം.

ശ്രീ.സച്ചിദാനന്ദൻ (പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി)

1. മലയാള ഭാഷയെ അതിന്റെ എല്ലാ സമ്പന്നതയോടും കൂടി നിലനിർത്തണം

2. ജാതി നിർമ്മാർജ്ജനം പ്രാവർത്തികമാക്കണം.

3. മതസഹവർത്തിത്വം ഊട്ടിയുറപ്പിക്കണം

4. കേരളീയത എന്ന സങ്കല്പം നിലനിർത്തണം - പുനർനിർവചിക്കണം

5. ജനാധിപത്യം കാത്തു സൂക്ഷിക്കണം

6. കലാസാഹിത്യരംഗത്തെ ഹിംസയ്ക്കെതിരെ പ്രതിരോധം ഉയരണം

7. ദുർബലരുടെ ഭാഗത്ത് നിലനില്ക്കണം

8. നവമൂല്യങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ ഇടപെടണം

9. മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് അനുസൃതമായി സാംസ്കാരിക സ്ഥാപനങ്ങളെ രൂപ പ്പെടുത്തണം

ശ്രീ.മുരളി ചീരോത്ത് (ചെയർപേഴ്സൺ, കേരള ലളിതകലാ അക്കാദമി)

1 .പരിസ്ഥിതി, വിദ്യാഭ്യാസം, സംസ്കാരം എന്നിവയുടെ നവീകരണം

2. വിജ്ഞാന വ്യവസ്ഥയിൽ സർഗാത്മക സമ്പത്തിന് പുതിയ വഴികൾ തുറക്കണം.

3. ആഗോള പ്രാദേശിക പരിസ്ഥിതിതലം ഉണ്ടാവണം

4. വിദ്യാഭ്യാസം, പരിസ്ഥിതി എന്നിവ സാമൂഹ്യ വികസനത്തിന്റെ ഒരിടമായി കാണണം.

5. സർഗാത്മക സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തണം.

6. പ്രൈമറി, ഉന്നത വിദ്യാഭ്യാസങ്ങളിൽ കലാവിദ്യാഭ്യാസം കൊണ്ടുവരണം

7. കലയിൽ കേരളം ആഗോള മാതൃകയായി മാറണം.

<u>നയരേഖ</u>

അവതരണം : ശ്രീ.സജി ചെറിയാൻ (ബഹു.മത്സ്യബന്ധനം, സാംസ്കാരികം, യുവജന കാര്യ വകുപ്പ് മന്ത്രി)

1. സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് സംവിധാനം കൂടുതൽ മികവുള്ളതാക്കി പരിഷ്ക രിക്കണം.

2. സ്വതന്ത്രമായ അവകാശാധികാരങ്ങളെ നിലനിർത്തികൊണ്ട് അനുബന്ധ സാംസ്കാരിക

സ്ഥാപനങ്ങളുടെയും അക്കാദമികളുടെയും മികവുറ്റ ഏകോപനം സാധ്യമാക്കണം

3 . സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായം ലഭിക്കുന്ന സാംസ്കാരിക സ്ഥാപന ങ്ങൾക്ക് ഏകോപനം വേണം.

4. സാംസ്കാരിക നയം രൂപപ്പെടുത്തണം

5. എറണാകുളത്ത് നടക്കുന്ന ഗ്ലോബൽ കൾച്ചറൽ കോൺഗ്രസിന്റെ പ്രൊജക്ട് തയ്യാറായിട്ടുണ്ട്

സാംസ്കാരിക രംഗത്തെ പുതിയ കാൽവെപ്പായി ഇതിനെ കാണണം

6 . കലാമണ്ഡലത്തെ അടിമുടി പരിഷ്കരിക്കണം. അക്കാദമിക് നിലവാരം സംരക്ഷിക്കണം വികേന്ദ്രീകൃത കേന്ദ്രമാക്കണം.

7. വജ്രജൂബിലി ഫെല്ലോഷിപ്പിന്റെ മാർഗരേഖ വിപുലപ്പെടുത്തണം.

8. വിശ്വാസം, മൈത്രി, മാനവികത പദ്ധതി - ഒരു പാഠ്യപദ്ധതിയായി നടപ്പിലാക്കണം.

9 സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകളിൽ ഒരു സ്ഥിരം ഇടം വേണം.

1 0 . വിദേശ രാജ്യങ്ങളുമായും വിവിധ സംസ്ഥാനങ്ങളുമായും കലാസാംസ്കാരിക വിനിമയം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

11. മലയാളവിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം.

12. അന്ധവിശ്വാസത്തിനെതിരെ സ്ഥിരം ശാസ്ത്ര വേദികൾ ഉണ്ടാവണം

13. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്ക് കാലികമായ മാറ്റം ഉണ്ടാവണം.

14. ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കണം.

1 5 . കോളേജ് ക്യാമ്പസിൽ പ്രത്യേകിച്ച് ആർട്സ് കോളേജിന്റെ പ്രവർത്തനങ്ങളിൽ സാംസ് കാരികകാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കാനും കഴിയണം.

16. പ്രൊഫഷണൽ കോളേജുകളിൽ ആർട്സ് ക്ലബ്ബുകളെ ക്രിയാത്മകമാക്കണം.

17. സ്ഥിരം നാടകവേദികൾ വേണം, നാടക കലാകാരന്മാരെ സംരക്ഷിക്കണം

18. ക്ഷേത്ര കലാകാരന്മാരെ സഹായിക്കണം

19. സിനിമ സീരിയൽ നയം ഉടൻ പ്രഖ്യാപിക്കും. അടുത്ത 5 വർഷം കൊണ്ട് സിനിമാനയം പൂർണ്ണമായും നടപ്പാക്കും.

20. യുവ ക്ലബ്ബുകൾ - സാംസ്കാരിക സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തി യോജിച്ച് പ്രവർത്തിക്കണം.

21. അന്ധവിശ്വാസത്തിനെതിരെ സ്ത്രീകളെ ബോധവത്കരിക്കണം. അതിനുവേണ്ടി ഒരു മിഷൻ ആരംഭിക്കണം.

22. സാംസ്കാരിക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പരിഷ്കരിക്കണം

23. എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കുമായി ഒരു സാംസ്കാരിക സമുച്ചയം സ്ഥാപിക്കണം.

24. സ്കൂൾ ലൈബ്രറി പരിഷ്കരിക്കണം.

25. മൺമറഞ്ഞ സാംസ്കാരിക നായകൻമാർക്ക് സ്മാരക സ്ഥാപനങ്ങൾ ഉണ്ടാവണം

26. ജീവിച്ചിരിക്കുന്ന അറിയപ്പെടുന്ന സാംസ്കാരിക നായകൻമാരെ കുറിച്ച് ഡോക്യുമെന്റേഷൻ നടത്തണം

27. ചിത്രാഞ്ജലി സ്റ്റുഡിയോ മികച്ചതാക്കി മാറ്റണം. കൊച്ചിയിൽ ഒരു മെച്ചപ്പെട്ട റെക്കോഡിംഗ് സ്റ്റുഡിയോ നിർമ്മിക്കണം.

28. സാംസ്കാരിക ഡയറക്ടറേറ്റിന് വിപുലമായ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതായിരിക്കും.

29. പരമ്പരാഗത കലാകാരൻമാരെ സംരക്ഷിക്കാൻ ആത്മ ആർട്സ് - മിഷൻ ഉണ്ടാവണം

30. യഥാർത്ഥ സ്വാതന്ത്ര്യസമരചരിത്രം പഠിപ്പിക്കാനുള്ള സംവിധാനവും കേന്ദ്രങ്ങളും ഉണ്ടാവണം.

31. കാർഷിക കൾച്ചറൽ ഫെസ്റ്റ് ആലോചിക്കണം

32. കൾച്ചറൽ വറൈറ്റിഫുഡ് സംസ്കാരം ഉണ്ടാകണം

33. സിനിമ ടൂറിസം സാദ്ധ്യതകൾ ആലോചിക്കണം.

34. സർക്കാർ തിയേറ്ററുകൾ പരിഷ്കരിക്കണം

35. കെ.എസ്.എഫ്.ഡി.സി പരിഷ്കരിക്കണം

36. പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ സാംസ്കാരിക സ്ഥാപനങ്ങളുമായി ഏകോപനം ഉണ്ടാകണം. പ്രസിദ്ധീകരണങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുകയും ജനങ്ങളി ലേക്ക് എത്തിക്കുകയും വേണം

37. ആർട്ട് ഗ്യാലറി - എല്ലാ നിയോജകമണ്ഡലങ്ങളിലും

38. ബാലകേരളം പദ്ധതി 1000 പഞ്ചായത്തിലും നടപ്പിലാക്കും. 2031 ഓട്ടുകൂടി 5 ലക്ഷം കുട്ടിക ളിലേക്ക് പദ്ധതിയുടെ ഗുണഫലം സാധ്യമാകും.

39. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സാംസ്കാരിക പ്രവർത്തനങ്ങളെ ഡിജിറ്റലൈസ് ചെയ്യും.

40. കലക്കുവേണ്ടി ജീവിതം മാറ്റിവച്ച കലാകാരരെ അവരുടെ ജീവിതത്തിന്റെ അവസാനകാ ലയളവിൽ ഒറ്റപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിനായി അഭയകേന്ദ്രം സ്ഥാപിക്കും.

41. മൺമറഞ്ഞ കലാകാരന്മാർക്കായി ഓരോ പ്രത്യേക സ്ഥലത്ത് സ്മാരകങ്ങൾ നിർമ്മിക്കുന്ന തിനുപകരം ഒരൊറ്റ കേന്ദ്രത്തിൽ എല്ലാ സാംസ്കാരിക നായകന്മാർക്കും സ്മാരകം നിർമ്മി ക്കുന്ന കാര്യം ആലോചിക്കണം.

42. ഗ്രന്ഥശാലകളുമായി സഹകരിച്ച് സാംസ്കാരിക പരിപാടികൾ നടത്തണം

43 കോളേജുകളിലെ ആട്സ് ക്ലബ്ബുകൾ സാംസ്കാരികവകുപ്പുമായി സഹകരിക്കണം.

44. നാടകത്തെ പരിപോഷിപ്പിക്കുന്നതിനായി സ്ഥിരം നാടകവേദി രണ്ടോ മൂന്നോ കേന്ദ്രങ്ങളി ലായി തുടങ്ങണം.

<u>സെമിനാർ -1 മതേതരത്വം, മാനവികത, സാംസ്കാരിക വൈവിദ്ധ്യം</u>

<u>ശ്രീ.കെ.ഇ.എൻ.കുഞ്ഞഹമ്മദ്</u>

മതസ്വാതന്ത്ര്യം, ആചാരപരമായ നിഷ്പക്ഷത, പരിഷ്കരണപരമായ നീതി, സ്നേഹപൂർണ്ണ മായ സംവാദം എന്നിവയിൽ ഊന്നിനിന്നുകൊണ്ടാകണം ചർച്ച വേണ്ടത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എല്ലാ ആരാധാനാലയങ്ങളും എല്ലാവർക്കും ഉള്ളതാവണം.

എല്ലാ ഉത്സവങ്ങൾക്കും ദേശീയ പദവിക്ക് അർഹതയുണ്ട്

ആഗസ്റ്റ് 15 ,മെയ്ദിനം പോലുള്ള മതേതര ഉത്സവങ്ങളിൽ സാംസ്കാരിക അന്തരീക്ഷം സൃഷ്ടി ക്കുകയും പൂർണ്ണമായ ഉത്സാഹത്തോടെ കൊണ്ടാടുകയും വേണം.

മൗന പ്രാർത്ഥന എല്ലാ ദിവസവും വേണം

എന്റെ തല ഒരു തമ്പുരാന്റേയും കാലിനടിയിൽ വെയ്ക്കില്ല എന്ന ദൃഢനിശ്ചയം വേണം.

<u>സ്വാമി സന്ദീപാന്ദഗിരി</u>

ഉദരദാരിദ്ര്യം തീർന്ന ഒരു സംസ്ഥാനത്തിന്റെ മനോദാരിദ്ര്യം തീർക്കാൻ ഉതകുന്ന ബൃഹത്തായ പ്രവർത്തനങ്ങളായിരിക്കണം വിഷൻ 2031 മുന്നോട്ടു വെക്കേണ്ടത്.

<u>ഡോ.അനിൽ ചേലേമ്പ്ര</u>

മതനിരപേക്ഷപരമായ ഒരു പ്രവർത്തനമാണ് നടത്തേണ്ടത്. യുവാക്കളും കുട്ടികളും സംസ്കാ രത്തിന്റെ

ദീപശിഖാ വാഹകരാകണം. സാംസ്കാരികവകുപ്പിന്റെ പ്രവർത്തനങ്ങളിൽ പുതിയ തലമുറയിലുള്ളവരെയും ഉൾപ്പെടുത്തണം.സമൂഹത്തിൽ മതനിരപേക്ഷതയ്ക്ക് മേൽക്കോയ്മ നേടാൻ കഴിയണം. നവോത്ഥാനസദസ്സ് എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കാൻ കഴിയണം. ബ്രാഹ്മണ്യം ആധിപത്യം നേടാനുള്ള ശ്രമത്തെ പ്രതിരോധിക്കണം. ജാതി ഉൻമൂ ലനത്തിന് ആഴത്തിലുള്ള പ്രവർത്തനം വേണം. ജനം വിശ്വസിക്കുന്നത് യു ട്യൂബിൽ വരുന്ന കാര്യങ്ങളാണ്. സയൻസ് മനുഷ്യ ജീവിതത്തിൽ ഇടപെടണമെങ്കിൽ അത്തരത്തിൽ ഒരു അക്കാദമി ഉണ്ടാവണം. സമൂഹത്തിന് സയൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൃത്യ മായ ഒരു ധാരണ വേണം. ചരിത്രബോധം നഷ്ടപ്പെടുത്തരുത്. സമൂഹത്തിന് സത്യവും മിഥ്യയും തിരിച്ചറിയാൻ കഴിയുന്നില്ല. വിദ്യാഭ്യാസം, കലാപ്രവർത്തനം ഭാഷാപ്രവർത്തനം എന്നിവ തമ്മിൽ ഏകോപനം ഉണ്ടാവണം. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നടന്നുവ രുന്ന പരിഷ്കരണം എല്ലാ കുട്ടികളിലും എത്തണം.

<u>ശ്രീ.റഫീഖ് ഇബ്രാഹിം</u>

പുതിയ തലമുറയെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് മുഖ്യ പരിഗണന വിഷൻ 2031-ന് ഉണ്ടാകണം. പാരമ്പര്യ സദാചാരമൂല്യങ്ങൾ പിന്തള്ളപ്പെടാൻ സാധ്യത ഏറെയാണ്. സ്വയം സംരഭകത്വം സൃഷ്ടിക്കും. വായനയും ചിന്തകളും അവസാനിക്കും .ഉപരിവിപ്ളവമായ ഒരു സ്വഭാവം വരും. വ്യക്തിവാദം വർദ്ധിക്കും. ഇത്തരം ചിന്താപഥങ്ങളെ മറികടക്കാനനുസൃത മായ നയരൂപീകരണമാണ് വിഷൻ 2031-ൽ ഉണ്ടാവേണ്ടത്.

തുടർന്ന് സദസ്സിലെ ചോദ്യങ്ങൾക്ക് പാനൽ അംഗങ്ങൾ മറുപടി പറഞ്ഞു.

<u>**സെമിനാർ 2-കേരളം ഇന്നലെ ഇന്ന് നാളെ -നവോത്ഥാനത്തിൽ നിന്ന് നവകേരളത്തിലേക്ക്-ജനകീയസർക്കാരുകളുടെ സംഭാവനകൾ**</u>

സെമിനാറിൽ മുൻ വിദ്യാഭ്യാസമന്ത്രി സി.രവീന്ദ്രനാഥ് വിഷയം അവതരിപ്പിച്ചു.

കേരളീയ പൊതുമണ്ഡലത്തെ നവോത്ഥാനത്തിന് മുമ്പ്, നവോത്ഥാനത്തിന് ശേഷം, 1957 ന് ശേഷം, നാളെ എന്നീ വിഭാഗങ്ങളിൽ ആഴ്ന്നിറങ്ങിയുള്ള സൂക്ഷ്മ വിശകലനത്തിൽ നിന്നാണ് വിഷൻ-2031 ലേക്ക് പ്രവേശിക്കേണ്ടത്. മാനവികതയുടെ ജ്വലനമാണ് നവോത്ഥാനം. നവോത്ഥാനത്തെത്തുടർന്ന് സാഹിത്യ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായി. നിലനിൽക്കുന്ന വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന സാഹിത്യ രൂപങ്ങളുണ്ടാകണം.അതിൽ ഭാവുകത്വപരിണാമം സംഭവിച്ചു. 1957 ന് ശേഷം നിരവധി സാഹിത്യ സങ്കൽപ്പങ്ങൾക്ക് ഉതകുന്ന പരിഷ്കാരങ്ങൾക്ക് വിത്തു പാകി. ഫ്യൂഡൽ വ്യവസ്ഥ തകർന്നു. കൊളോണിയൽ വ്യവസ്ഥയ്ക്ക് എതിരായ സാഹിത്യ സന്ദേശങ്ങൾ നടപ്പിലാക്കാൻ ഒരു രാഷ്ട്രീയ പ്രസ്ഥാനം വേണമെന്ന അവസ്ഥ വന്നു. ആ ദൗത്യമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നിർവ്വഹിച്ചത്. അതോടെ മാനവികതയുടെ ഒരു പുതിയ തലം സൃഷ്ടിച്ചു. 1991 ഇന്ത്യയുടെ നിർണ്ണായകമായ കറുത്ത കാലഘട്ടമാണ്. ന്യൂ ലിബറൽ സംസ്കാരവും കമ്പോള ഭാവുകത്വവും കടന്നു വന്നു. ഇത്തരം ഭൂതകാല സാഹചര്യങ്ങളേയും വസ്തുതകളേയും പരിഗണിച്ചു കൊണ്ടായിരിക്കണം വിഷൻ 2031-ലേക്ക് പ്രവേശിക്കേണ്ടത്.

<u>ടി.ഡി.രാമകൃഷ്ണൻ</u>

സമൂഹത്തിന്റെ നീതിബോധം മാറ്റി മറിക്കലാവണം വിഷൻ 2031ന്റെ ചാലകശക്തി. ലോകത്തെ മൊത്തമായി സ്വാംശീകരിക്കാനും അതിലേക്ക് മാറ്റാനും കഴിയണം. ജാതിബോധം, അനാ ചാരം, അന്ധവിശ്വാസം എന്നിവക്കെതിരെ പ്രതിരോധം ഉയർത്തണം. പതിവ് നിർവ്വചനങ്ങ ളോടുള്ള കലഹത്തോടെ മാത്രമേ മാറ്റം സാധ്യമാകൂ.

<u>സി.എസ്.ചന്ദ്രിക</u>

ചരിത്രത്തിലെ സ്ത്രീകളെ ഗുരുതുല്യരായി കാണണം. സാംസ്കാരിക സ്ഥാപനങ്ങളിലെ സാംസ്കാരികനയരൂപീകരണത്തിൽ സ്ത്രീകളുടെപങ്കാളിത്തം ഇല്ലാതെ പോകുന്നു. അവരെ ചേർത്തു നിർത്തിയായിരിക്കണം ചരിത്രത്തെ പുനർനിർവ്വചനം ചെയ്യേണ്ടത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദം കേൾക്കണം. സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ മാത്രം ചിന്തിക്കുമ്പോഴെ അർത്ഥ പൂർണ്ണമാകൂ. ഭരണകൂട സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. ആദിവാസി ജനവിഭാഗത്തെകേൾക്കണം. മതാധികാരം, ജാതീയത, ലിംഗാതികാരം നിറഞ്ഞാടുകയാണ്. നീതിബോധത്തിലും മാറ്റം വരണം, സ്ത്രീപക്ഷ കാഴ്ചപ്പാട് പ്രതിഫലിപ്പിക്കുന്നതാവണം വിഷൻ 2031.

<u>ഡോ.എം.എ.സിദ്ദിഖ്</u>

സാംസ്കാരികനയത്തിലും വജ്രജൂബിലി ഫെലോഷിപ്പുകളിലും ഗ്രാമീണകലാരംഗത്തെ കൂടി ചേർക്കണം. കൾച്ചറൽ ടൂറിസവുമായി അതിനെ ബന്ധപ്പെടുത്തണം. ടെലിവിഷൻ സീരിയലുകൾ മനുഷ്യനെ കുതന്ത്രവാദികളാക്കിമാറ്റുകയാണ്. അതിലൊരു പൊളിച്ചെഴുത്ത് ആവശ്യമാണ്. സ്വാതന്ത്ര്യ സ്മൃതി പാർക്കുകൾ കേരളത്തിലുടനീളം ഉണ്ടാവണം. കലാകാര പെൻഷൻപോലെ അഗതികൾക്ക് പെൻഷൻ നൽകണം. യു.ജി.സി മാതൃകയിൽ സാംസ്കാരിക അക്കാദമികൾ വേണം. പരിസ്ഥിതി ഫോക്‌ലോർ പാർക്ക് സ്ഥാപിക്കണം.മതനിരപേക്ഷതയുടെ ബോധവത്ക്കരണത്തിന് മതനിരപേക്ഷ സാംസ്കാരിക അക്കാദമികളും വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

<u>ഡോ.ജിജു.പി.അലക്സ്</u>

പ്രത്യയശാസ്ത്രത്തെ, ആധുനീകതയെ ,മതനിരപേക്ഷതയെ എങ്ങനെ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ കഴിയുമെന്ന് ആലോചിക്കണം. മൂല്യങ്ങൾ പകർന്ന് നൽകുവാനും സന്നിവേശിപ്പിക്കുവാനും കഴിയണം. പൗരബോധവും സാംസ്കാരികബോധവും പുതിയ മനസ്സുകളിലേക്ക് പകർന്ന് നൽകണം.വിദ്യഭ്യാസ പദ്ധതികളിൽ പ്രവർത്തനങ്ങളിൽ സാംസ്കാരിക പ്രവർത്തനം കൂടി ഇഴചേർക്കണം. സാംസ്കാരിക സ്ഥാപനങ്ങളെ എങ്ങനെ ധനപരമായി സുസ്ഥിരമായി നിലനിർത്താൻ കഴിയുമെന്നതാണ് ഗൗരവകരമായ ആലോചനക്ക് വിഷയമാകേണ്ടത്. സാംസ്കാരിക രംഗത്ത് മുന്നേറാൻ സുസ്ഥിരമായ പദ്ധതികൾ വേണം. മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളും അവരുടെ നിലനില്പിന് സ്വതന്ത്രമായി സാമ്പത്തിക സ്രോതസ് ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

സമാപന സമ്മേളനത്തിൽ : ശ്രീ.സജി ചെറിയാൻ (ബഹു.മത്സ്യബന്ധനം, സാംസ്കാരികം, യുവജന കാര്യ വകുപ്പ് മന്ത്രി) സെമിനാർ ചർച്ച- സമാഹരണം- ക്രോഡീകരണം നിർവ്വഹിച്ചു. കേരള ലളിതകലാ അക്കാദമി സെക്രട്ടറി എബിൻ ജോസഫ് സ്വാഗതവും കേരള സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ നന്ദിയും അറിയിച്ചു. വൈകീട്ട് 5.30-ന് കേരള കലാമണ്ഡലം അവതരിപ്പിച്ച എന്റെ കേരളം നൃത്ത ശില്പത്തോടുകൂടി സെമിനാർ സമാപിച്ചു.

<u>സമാപന സമ്മേളനത്തോടനുബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ മറുപടി-ഡോ.ദിവ്യ എസ് അയ്യർ</u>

1 ) ഫിസിക്കൽ ക്വാളിറ്റി ഓഫ് ലൈഫ് ഇൻഡക്സ് (PQLI) എന്നതുപോലെ സാംസ്കാരിക മേഖലയിൽ കൾച്ചറൽ ക്വാളിറ്റി ഓഫ് ലൈഫ് ഇൻഡക്സ് (CQLI) ഉറപ്പുവരുത്തുക എന്ന ആശയം ഉൾക്കൊണ്ട് മേൽനടപടികൾ സ്വീകരിക്കും .

2 ) മതേതര ഉത്സവങ്ങൾ അതിന്റെ പൂർണ്ണമായ ഊർജ്ജസ്വലതയോടെ എല്ലാവരെയും ഉൾപ്പെടുത്തി ദേശീയ ഉത്സവത്തിന്റെ രീതിയിൽ ആഘോഷിക്കണം എന്ന ആശയം ഉൾക്കൊണ്ട് പ്രവർത്തിക്കും

3 ) ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളിലേക്ക് യുവതലമുറയുടെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തണം എന്ന ആശയം ഉൾക്കൊണ്ട് പ്രവർത്തിക്കും

4) ക്രിയേറ്റീവ് കൾച്ചറൽ ഇക്കോണമി എന്ന ആശയം സാധ്യമാക്കുവാൻ ചർച്ച നടത്തുന്നതാണ്.

5 ) സാംസ്കാരിക മേഖലയിൽ യുവതലമുറയുടെ (ജൻസി) അടക്കം സമസ്ത വിഭാഗങ്ങളേയും ഉൾക്കൊള്ളിക്കുക എന്ന ആശയം ഉൾക്കൊണ്ട് പ്രവർത്തിക്കും

6 ) സാംസ്കാരിക മേഖലയിൽ നിലനിൽക്കുന്ന വ്യവസ്ഥിതിയോട് ചേർന്ന് നിൽക്കുന്നവർക്കൊപ്പം നിലവിലെ വ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്നവരെക്കൂടി വിശാലാർത്ഥത്തിൽ ഉൾക്കൊള്ളും വിധത്തിലുള്ള ഭാവുകത്വ പരിണാമം എന്ന ആശയം ഉൾക്കൊണ്ട് പ്രവർത്തിക്കും

7 ) സർക്കാർ പരിപാടികളുടെ ഉത്ഘാടനം അടക്കമുള്ള ചടങ്ങുകളിൽ സാമ്പ്രദായിക രീതികൾക്ക് പകരമായി ഭരണഘടനയുടെ ആമുഖം വായിക്കുന്നത് പോലെ നവീനവും കൂടുതൽ അർത്ഥ പൂർണ്ണവുമായ പ്രവർത്തികൾ സ്വീകരിക്കേണ്ടതാണ് എന്ന ആശയം സ്വീകാര്യമാണ്